
തൂലിക
St THERESAS
HIGH SCHOOL
little
KITEs

TO GROW IN WISDOM

St.Theresa's High School Manappuram, the most elegant school in Alappuzha Revenue District under the management of The Corporate Education Agency of CMI Schools, Rajagiri, Kochi, Kerala, India. Phone : 04782 532159, e-mail : 34035alappuzha@gmail.com. The school found in 1938 as a Lower Primary Shool and upgraded as Upper Primary School in 1964 and later became a High SChool in 1982. Now almost 1200 students are studying here. The school is situated at the bank of Vembanadu Lake in the northern part of Alappuzha District.

# ST.THERESA'S H.S.
## MANAPPURAM
ESTABLISHED IN 1938


## ഉള്ളടക്കം


ചിത്രങ്ങൾ.....5
മൂന്ന് മുയലുകൾ.....8
ക്രൂരതക്കുള്ള ശിക്ഷ.....9
സൂര്യപ്രഭ.....10
തേൻ മധുരമുള്ള ഒരു ഓർമ.....11
ദൈവത്തിൻെറ ദാനം.....12
മനുവിന്റെ കൂട്ടുകാരൻ.....14
പഴഞ്ചൊല്ലുകൾ.....15
പഴംചൊല്ലുകൾ.....16
കടംകഥകൾ.....17
പാപിയുടെ അനുതാപം.....18
അമ്മ കടം വാങ്ങിയ നെന്മണി.....20
കലാം മൊഴികൾ.....21

## ചിത്രങ്ങൾ

Edwin 8A





ഇലിക



Angel 9A

## മൂന്ന് മുയലുകൾ

ഒരു മലയുടെ അടിവാരത്ത് മൂന്ന് മുയലുകൾ താമസിച്ചിരുന്നു ഒന്നാമന്റെ പേര് 'ബുദ്ധിമാൻ' അവന് ആപത്തുകൾ നേരത്തെ മനസിലാക്കി പ്രവർത്തിക്കാനറിയാം. രണ്ടാമന്റെ പേര് 'ധൈര്യശാലി' ആപത്തിൽ അകപ്പെട്ടാൽ അവൻ പേടിച്ച് വിലപിക്കാറില്ല. തന്ത്രപരമായി ആപത്തുകളിൽനിന്ന് രക്ഷപ്പെടാൻ അവനറിയാം. മൂന്നാമന്റെ പേര് 'മടിയൻ' എന്നാണ്. ആപത്തുകൾ നോക്കി മനസിലാക്കാൻ ശ്രമിക്കാറില്ലവൻ. അപകടത്തിൽ പെട്ടാലും അതിൽനിന്നെങ്ങനെ രക്ഷപ്പെടാം എന്ന് ചിന്തിക്കാറുമില്ല വരുന്നത് തടയാൻ പോയാൽ തോറ്റുപോകുമെന്ന് ഭയന്ന് ഒന്നും ചെയ്യാതെ സുഖിക്കാനാണ് അവനിഷ്ടം.

അങ്ങനെയിരിക്കെ ഒരു ദിവസം ഒരു വേടനും വേടത്തിയും ആ വഴി വന്നു. "ഇവിടെ മൂന്നു മുയലുകളുണ്ട് അവയെ കെണിവെച്ച് പിടിക്കണം," വേടൻ വേടത്തിയോട് പറഞ്ഞു.

അതു കേട്ടപ്പോൾ മുയലുകളിൽ ബുദ്ധിമാൻ ഉടനെ അവിടെനിന്ന് താമസംമാറി. വേടൻ കെണിവെച്ചു. ധൈര്യശാലിയും മടിയനും കെണിയിൽ കുടുങ്ങി. വേടൻ വന്ന് നോക്കിയപ്പോൾ ധൈര്യശാലി ചത്തതുപോലെ കിടന്നു. വേടൻ അവനെ എടുത്ത് പുറത്തുവച്ചു. അവൻ ഉടനെ കുതിച്ചു ചാടി ഓടിരക്ഷപ്പെട്ടു.
മടിയനെ വേടൻ കൊണ്ടുപോയി കറിയുണ്ടാക്കി കഴിച്ചു.
"മടി നമ്മുടെ തടി കേടാക്കും" എന്ന സത്യം മറക്കരുത്

# <u>ക്രൂരതക്കുള്ള ശിക്ഷ</u>

-അഭിറാം വിനോദ്

പണ്ടോരിക്കൽ ഒരു മഹർഷി ധ്യാനത്തിൽ മുഴുക്കിയിരിക്കുകയാ-കയായിരു.പെട്ടന്നതാ ഒരലസനായ സിംഹം അതുവഴികടന്നുപോവുന്നു.അവന്നൊരു കൗശലം തോന്നി അവൻ ആ മഹർഷിയുടെ പുറകിലേ-ക്ക് പതിയെ നടന്നു. പക്ഷെ മഹർഷി ഇതെലാം കാണുന്നുണ്ടായിരു-ന്നു. മഹർഷി പറഞ്ഞു *'അഹങ്കാരി ഇവനെ ഒരു പാഠം പഠിപ്പിക്കണം'.* പെട്ടെന്ന് മഹർഷി ഉച്ചത്തിൽ മന്ത്രം ജപിക്കാൻ തുടങ്ങി *'ഓം ഹ്രീം എന്നെ ശല്യം ചെയ്യുന്നവ കീടങ്ങളായി മാറട്ടെ '*. ഇതുകേൾകേണ്ടത-മസം സിംഹം ഒറ്റയോട്ടം. ദൈവഭാഗ്യം കൊണ്ട് അവനന്ന് രക്ഷപെ-ട്ടു. പക്ഷെ അവന് കലി അടക്കാൻ കഴിഞ്ഞില്ല. അവൻ അവനോട് തന്നെ പറഞ്ഞു *'ധിക്കാരി എന്നെ ഭയപ്പെടുത്തുന്നവോ, അവനെ ഞാ-ൻ ആരാണെന്ന് കാണിച്ചുകൊടുക്കുന്നുണ്ട് '*

അവൻ അടുത്ത ദിവസം തന്നെ കാട്ടിലെ എല്ലാ സിംഹങ്ങ- ളേയും കൂട്ടി ആ മഹർഷിയുടെ മുമ്പിലെത്തി എന്നിട്ട് ഉച്ചസ്വരത്തിൽ വി- ളിച്ചുപറഞ്ഞു ' *അഹങ്കാരാ ഈ കാട്ടിലെ രാജാവായ എന്നെ നീ ഭയപ്പെ- ടുത്തി ഓടിച്ചു അല്ലേ . നീ ഇനി ഒരു നിമിഷം പോലും ഇവിടെ നിൽ-ക്കരുത്. നിന്നാൽ നിൻെറ അന്ത്യം ഇവരുടെ കൈകൊണ്ടാവും* .മഹർ-ഷി കോപത്താൽ പൊട്ടിത്തെറിച്ചു . പക്ഷെ ക്രൂരന്മാരായ സിംഹങ്ങൾ മഹർഷിയെ ആക്രമിക്കാൻ മുതിർന്നു. സഹികെട്ട മഹർഷി ആ കാടിന് ഒരു ശാപം നൽകിട്ട് അവിടെ നിന്നും പോയി. *'ഈ കാട് നശിക്കണം'* . മഹർഷി വേദനയോടെ അവിടെ നിന്നും രക്ഷപ്പെട്ടു പോയി. സിംഹങ്ങ- ൾ സന്തോഷിച്ചു അട്ടഹസിച്ചു. എന്നാൽ അവരറിയുന്നില്ല അവരുടെ കാട് നശിക്കുന്ന കാര്യം.മഹർഷിമാരുടെ ശാപം ഫലിക്കില്ലെന്നാണ് വിശ്വാസം . ദിവസങ്ങൾ ക്കുശേഷം കാടിനെ നടുക്കിയ ഒരു സംഭവമിണ്ടായി . വലിയ ഒരു മഴയിൽ തുടങ്ങിയ പ്രളയം കാറ്റും ഇടിമിന്നലുമായിമാറി കാട് ഒന്നാകെ നശിക്കാൻ തുടങ്ങി. പേടിച്ച് അമ്പരന്ന മൃഗങ്ങൾ രക്ഷതേടി സിംഹരാജൻെറ അടുത്തെത്തി .

*'അല്ലയോ മഹാനായ രാജാവേ , ഞങ്ങൾ സാഷ്ടാം-ഗം വണങ്ങുന്നു. അങ്ങയുടെ നീജപ്രവർത്തികാരണം നമ്മുടെ കാട് ന-ശിക്കാൻ തുടങ്ങിയിരിക്കുന്നു മഹർഷിയുടെ ശാപം ഈ കാടിനെ ബാധിച്ചിരിക്കുന്നു'* . അപ്പോഴാണ് രാജാവിന് മനസ്സിലായത് മഹർഷരമാരുടെ ശാപം ഫലിക്കുമെന്ന്.

ഉടൻ തന്നെ സിംഹരാജൻ മഹർഷിയെ തേടിപ്പിടിച്ച് മാപ്പപേഷിച്ചു *'അല്ലയോ മഹാനായ പ്രഭു അടിയൻെറ അ-റിവില്ലായ്മക്ക് മാപ്പു നൽകിയാലും. '* മഹർഷി മാപ്പു നൽകി. ഉടൻ ത-ന്നെ മഹർഷി ശാപം പിൻവലിച്ചു. എന്നിട്ട് രണ്ടുപേരും കൂടി കാട്ടിലേ-ക്ക് പോയി............

# സൂര്യപ്രഭ

നീ പൂക്കളെ പുഞ്ചിരിപ്പിച്ച് അണയന്നു
നീയാണ് പുതു ദീപ  പ്രഭ
നീയാണ് ഇരുൾ നീക്കി
വെളിച്ചം പരത്തുന്ന ശോഭ
നീ നഷ്കളങ്കനണ് നീ സത്വമാണ്
നന്ദി നിനക്കേകുന്നു ഞാൻ

## തേൻ മധുരമുള്ള ഒരു ഓർമ

വിഷു ദിവസം രാത്രി. അച്ഛൻ വാങ്ങിത്തന്ന പടക്കം പൊട്ടിക്കുകയായിരുന്നു ഞാൻ. കമ്പിത്തിരി, മേശപ്പൂവ്, നിലചക്രം എല്ലാമുണ്ട്.

നല്ല രസമായിരുന്നു.

പിന്നെ, അച്ഛൻ ഒരു പടക്കവുമായി വിളക്കിനടുത്തേക്ക് വന്നു. ഞാൻ അതു നോക്കി കോലായിൽ നിന്നു. അച്ഛൻ പടക്കത്തിന്റെ തിരി വിളക്കിലേക്ക് നീട്ടി. പടക്കത്തിന് പെട്ടെന്ന് തീപ്പിടിച്ചു. വലിയൊരു പൊട്ടിത്തെറിയോടുകൂടി അതെന്റെ മേൽ വന്നു വീണു! ഞാൻ അലറി കരഞ്ഞു. എല്ലാവരും ഓടി വന്നു. അച്ഛമ്മ കുറച്ച് തേൻ കൊണ്ടുവന്ന് ദേഹത്ത് പുരട്ടി.

വേദന കുറഞ്ഞപ്പോൾ ഞാൻ അൽപ്പം തേനെടുത്ത് നുണഞ്ഞു. ആ തേൻ മധുരത്തിൽ എന്റെ സങ്കടം അലിഞ്ഞലിഞ്ഞില്ലാതായി.

## ദൈവത്തിൻെറ ദാനം

കാഴ്ച്ച അറേബ്യൻ മണലാരണ്യത്തിൽ വിശപ്പുകൊണ്ട് പൊറുതിമുട്ടിയ ഒരു കുടുംബം വല്ലാതെ വിഷമിച്ചു. ഒന്നും കഴിക്കാനില്ല.വിമശന്ന പൊരിഞ്ഞ് കരയുന്ന മക്കളെ കണ്ട് അമ്മയ്ക്കു കരൾ പൊട്ടി. വീട്മൊത്തം അരിച്ചുപെറുക്കി. ഒരുമണി ധാന്യംപോലും ഇല്ല. അവസാനം ഒരു പുത്തൻ വ- സ്ത്രമാണ കിട്ടിയത്. അത് വില്ക്കാൻ ആ സ്ത്രീ- തീരുമാനിച്ച അങ്ങനെ സ്വന്തം വസ്ത്രമെടുത്ത് ഭർത്താവിൻെറ കൈവശം കൊടുത്തിട്ട് പറഞ്ഞു. ഇതു കൊണ്ടുപോയി കിട്ടുന്ന വിലയ്ക്ക കൊടുത്തിട്ട് മക്കൾക്ക് തിന്നാൻ എന്തെങ്കിലും

കൊണ്ടുവരു."അയാൾ വസ്ത്രവുമായി വേഗത്തിൽ നടന്നകന്നു നൂറ് വെള്ളിനാണയത്തിനാണ് തുണി വിറ്റത്. അതുമായി വേഗത്തിൽ ഭക്ഷണം വാങ്ങാൻ പോകുന്ന വഴിക്ക് ഒരു പാവപെട്ട സഹോദരൻ ചോദിച്ചു ,``സുഹൃത്തേ താങ്കളുടെ കൈയിൽ പണം വല്ലതും ഉണ്ടൊ. എന്റെ വീട്ടിൽ കടുത്ത പട്ടിണയാണ്. വിശന്ന് കുട്ടികൾ വാവിട്ട് കരയുകയാണ്. കരച്ചിൽ കണ്ടുനിൽക്കാനാവാതെ പുറത്തേക്കിറങ്ങിയതാണ്

എന്റെ കൈയിൽ ആകെയുള്ളത് നൂറ് വെള്ളിക്കാശണ് കാരുണ്യവാനായ തമ്പുരാനെ അതെനിക്കു തന്നാലും. എല്ലാം കാണകയും കേൽക്കുകയും ചെയ്യുന്ന ദൈവം നിങ്ങളെ ഒരിക്കല്ല. കൈവെടിയുകയില്ല. മനസ് നിറയുകയും സന്തോഷിക്കുകയും ചെയ്ത വാക്കുൾ കേട്ടപ്പോൾ സഹായിക്കാതിരിക്കാൻ കഴിഞ്ഞില്ല.

ആ പാവം മനുഷ്യന് നൂറ് വെള്ളിക്കാശും വാങ്ങി പുഞ്ചിരി ച്ചുകൊണ്ട് അതിവേഗത്തിൽ നടന്നു പോകുന്ന സന്തോഷത്തോടെ നോക്കിനിന്നു. കുറച്ചനേരം അങ്ങനെ നോക്കി നിന്ന ശേഷം ഇനിയെന്തു ചെയ്യും എന്ന ചിന്തയോടെ വിഷണ്ണനായി കുറേ ദൂരം കൂടി നടന്നു. അപ്പോൾ അതാ

എതിർദിശയിൽനിന്ന് ഒരാൾ ഒട്ടകത്തിന്റെ കടിഞ്ഞാൺണം പിടിച്ച കൊണ്ടു വരുന്ന കാഴ്ച്ച കാണാനിടയായി ഹാ.....ഈ ഒട്ടകത്തിനെന്തു ചന്തം കാണാൻ.....കുറച്ചുനേരം ആ ഒട്ടകത്തിനെത്തന്നെനോക്കിനിന്നു ഒട്ടകവുമായി വന്നയാൾ പരിചിതഭാവത്തിൽ ചോദിച്ചു, താങ്കൾക്കീ ഒട്ട ത്തിനെ വാങ്ങാൻ കഴിയുമോ.

എന്റെ കൈയ്യിൽ പണമില്ല. അതി സാരമില്ല പിന്നെ തന്നാൽ മതിയാകും നിങ്ങൾക്ക് ഈ ഒട്ടകത്തിനെ ഇഷ്ട്ടമായോ.എങ്കിൽ പറയൂ....എത്രയാണ് ഈ ഒട്ടകത്തിന് തരേണ്ട വില.

നൂറ് ദിർഹമെങ്കിലും കിട്ടണം. ഇതിലും അപ്പുറംവില കിട്ടേണ്ട മുന്തിയ തരത്തലുള്ളതാണ് ഈ ഒട്ടകം.

ശരി....എനിക്കീ ഒട്ടകത്തിനെ വാങ്ങാം. സന്തോഷം.അങ്ങനെ വിൽപ്പന നടന്നു.അദ്ദേഹം ഒട്ടകവുമായി നടക്കവേ മറ്റൊരു ഗ്രാമീമനായ മനുഷ്യനെ കണ്ടു. അയാൾക്കും ആ ഒട്ടകത്തിൽ താൽപര്യം വന്നു.

എന്തൊരു ചന്തം ഈ ഒട്ടകത്തെ കാണാൻ, അയാൾ അത്ഭുതംകൊണ്ടു പറയൂ എന്താണിതിന്റെ വില എത്രയാലും ഞാൻ നൽകാൻ തയാറാണ്.

ഒട്ടകത്തിന്റെ ശരിയായ വില എനിക്കറിയില്ല. ഞാൻ നൂറ് ദിർഹം കൊടുത്താണ് ഒട്ടകത്തെ സ്വന്തമാക്കിയത്.അദ്ദേഹം സന്തോഷത്തോടെ പറഞ്ഞു.

ഗ്രാമിണൻ പറഞ്ഞു.ശരി ഞാൻ 160 ദിർഹം തരാന തയാറാണ് ഒട്ടകത്തിനെ തരാൻ സമ്മതമാണോ.സമ്മതം, അദ്ദേഹം മറുപടി പറഞ്ഞു. ഒരു പാട് സന്തോഷവുമായി. നല്ല ലാഭം ഒറ്റ കച്ചവടത്തിൽത്തന്നെ അറുപത് ദിർഹം ലാഭം.

മറ്റൊന്നും ആലോചിക്കാതെ പണം വാങ്ങി ഒട്ടകത്തിനെ ഗ്രാമീണന് കൈമാറി. അദ്ദേഹം വേഗത്തിൽ നടന്നു. തനിക്ക് ഒട്ടകത്തെ തന്ന നല്ല മനുഷ്യനെ തേടിപ്പിടിച്ച് നൂറു ദിർഹം കൊടുത്ത് കടം വീട്ടി.

പറഞ്ഞറിയിക്കാനാവാത്ത സന്തോഷത്തോടെ ലാഭമായികിട്ടിയ അറുപതു ദിർഹവുമായി വീട്ടിലേക്ക് മടങ്ങി.........

## മനുവിന്റെ കൂട്ടുകാരൻ

ആ കൊച്ചുവീട്ടിൽ മൂന്നു പേർ താമസിച്ചിരുന്നു. അഞ്ചു വയസ്സുള്ള ഒരു കൊച്ച്, അവന്റെ അമ്മ,അച്ഛൻ.

കൊച്ചിന്റെ പേര് മനു. മനുവിന് ഇപ്പോൾ അമ്മയില്ല. മരിച്ചു പോയി.

എന്നാൽ ഇപ്പോൾ കൊച്ചുവീട്ടിൽ ഒരുപാട് താമസക്കാരുണ്ട്. മനു,അച്ഛൻ, അച്ഛൻ വാങ്ങിയ നാല് പശുക്കൾ.

മനു എല്ലാ ദിവസവും പശുക്കളെ കാട്ടിൽ കൊണ്ടുപോകും. കൂടെ അവന്റെ കൂട്ടുകാരനും ഉണ്ടാവും.

ബ്രഹ്മൻ എന്നാണ് കുട്ടുകാരൻെറ പേര്.

മനുവും ബ്രഹ്മനും കൂടി ഒരു ഉച്ചനേരം പശുക്കളെ കാട്ടിൽ നിന്നു കൊണ്ടു വരികയായിരുന്നു

അവർ കളിക്കാൻ തുടങ്ങി. പുഴയുടെ തീരത്ത് വയലാണ്. പശുക്കൾ വയലിലേക്ക് പോവുന്നു.

‘ബ്രഹ്മാ പശുക്കളെ വയലിലേക്ക് വിടരുത്’’

മനു വിളിച്ചുപറഞ്ഞു. ബ്രഹ്മൻ പശുക്കളെ തിരിച്ചോടിച്ചു. തിരിച്ചുവരുമ്പോൾ അവൻെറ കാല് മരത്തിൻെറ വേരിനടിയിൽ കുടുങ്ങി. മനു അവൻെറ കാലിൽ മരുന്നുവെച്ചുകെട്ടി. ശേഷം മടങ്ങി

## പഴഞ്ചൊല്ലുകൾ

1.അകത്തുള്ളത് പുറത്തു വിളങ്ങും

2.അകത്തൊന്ന് മുഖത്തൊന്ന്

3.അകലെ ഉഴുതു പകലെ പോരുക

4.അകലെ കൊള്ളാത്തവൻ അടുക്കലും കൊള്ളില്ല

5.അക്കരെ നിന്നാൽ ഇക്കരെപ്പച്ച ഇക്കരെ നിന്നാൽ അക്കരെപ്പച്ച

6.അക്ഷരം പലതെങ്കിലും വിദ്യ ഒന്നുതന്നെ

7.അഗ്രഹാരത്തിൽ പിറന്നാലും നായ വേതമോതുകയില്ല

8.അങ്ങാടി കാണാൻ കണ്ണാടി വേണ്ട

9.അചഛൻ വീട്ടിലുമില്ല പത്തായത്തിലുമില്ല

10.രോഗിയിച്ഛിച്ചതും പാല് വൈദ്രൻ കല്പിച്ചതും പാല്

11.അഞ്ചോണം കൊഞ്ചോണം ആറാം ഓണം കാടിയോണം

12.അത്താഴിയേക്കാൾ മുന്നാഴി വലുത്

## പഴംചൊല്ലുകൾ

1.വിത്ത് ഗുണം പത്ത് ഗുണം

2.അത്തം കറുത്താൽ ഓണം വെളുക്കും

3.പത്തിയെ തിന്നാൽ പനയും തിന്നാം

4.കാക്ക കുളിച്ചാൽ കൊക്ക് ആവുല്ല

5.എന്റെ മാവും പൂക്കും

6.മീനത്തിൽ നട്ടാൽ മീൻ കണ്ണോളം

7.മത്തൻ കുത്തിയാൽ കുമ്പളം മുളക്കുമോ?

8.ഞെട്ടറ്റാൽ ചുവട്ടിൽ

9.കതിരിൽ വളംവെക്കരുത്

10.വിത്താഴം ചെന്നാൽ പത്തായം നിറയും

11.കൈ നനയാതെ മീൻ പിടികാമോ

12.ആന മെലിഞ്ഞാൽ തൊഴുത്തിൽ കെട്ടുമേ

## കടംകഥകൾ

1.അമ്മയെകുത്തി മകൻ മരിച്ചു

2.വെളുക്കുമ്പൊൾ കറക്കും കറക്കുമ്പൾ വെളുക്കും

3.അടിച്ചാല്ലും , അടിച്ചാല്ലും തിരാത്ത മുറ്റം

4.ആയിരം ആശരിമാർ വച്ച വീട്

5.ഞെട്ടില്ല വട്ടില്ല

6.ജനിക്കുമ്പ കറുപ്പ് മരിക്കുമ്പ വെളുപ്പ്

ഉത്തരം

1. തിപ്പട്ടി

2.പാൽ

3.ആകാശം

4.തെനിച്ച കൂട്

5.പപ്പടം

6.മുടി

# പാപിയുടെ അനുതാപം

ഇരുട്ടിൻെറ വിരലുകൾ പകലിൻെറ മുഖത്ത് തലോടി. പ്രകൃതി മങ്ങി.സന്ധ്യ എത്തി.സന്ധ്യയെ വരവേല്ക്കാനായി വിടുകളിൽ വിളക്കുകൾ തെളിഞ്ഞു. പ്രസിദ്ധമായ മാന്തുറ തറവാട്. വീടിന് പരിസരത്ത് അവിടവിടെയായി രണ്ടും
മൂന്നും ആളുകൾ ചേർന്ന് കൂട്ടംകൂടിനിന്ന് ഗൗരവമായി എന്തോ സംസാരിക്കുന്നു-ണ്ട്.എന്നാൽ വീടിന്റെ വലിയ സിറ്റൗട്ടിലൂടെ മാമ്മച്ചൻ മുതലാളി മൊബൈലും പിടിച്ച് വളരെ ദു:ഖത്തോടും പരിഭ്രമത്തോടും കൂടി അങ്ങോട്ടും ഇങ്ങോട്ടും ഉലാ-ത്തുന്നുണ്ട്.

മാന്തുറ തറവാട്ടിലെ 5 സഹോദരങ്ങൾക്കും കൂടി ആകെയുണ്ടായിരുന്ന ഒരേ ഒരു ആൺ തരി,അതുകൊണ്ട് തന്നെ എല്ലാവരും അവനെ ഒത്തിരി സ്നേഹിച്ച്
ലാളിച്ചു. ഫലമൊ,ഇന്നത്തെ ഈ അസ്ഥയിലേക്ക് അവനെ കൊണ്ടെത്തിച്ചു.
മാമ്മച്ചൻ മുതലാളിയുടെ ചിന്തകൾ ഒരു നിമിഷം പുറകൊട്ട് പോയി.

എന്നാണ് തന്റെ മകന്റെ താളം പിഴച്ചത്.10-ാം ക്ലാസ്സ് പരീക്ഷയ്ക്ക് തയാറെടുക്കുമ്പോഴോ!സ്കൂളിൽ എല്ലാത്തിനും ഒന്നാമതെത്തിയവൻ അദ്ധ്യാപകരു-നടെയും സഹപാഠികളുടെയും കണ്ണിലുണ്ണി.ഇന്ന് തന്നെപോലെതന്നെ അവന്റെ അവസ്ഥയിൽ എല്ലാവരും സങ്കടപ്പെടുന്നു.മദ്യത്തിനും,മയക്കുമരുന്നിനും അടിമ-യായ തന്റെ മകൻ താൻ ഒന്ന് വഴക്ക് പറഞ്ഞ് ഗുണദോഷിച്ചതിന്റെപേരിൽ വീട് വിട്ടിറങ്ങിയതാണ്.ഒരാഴ്ചയായി കാണാതായിട്ട്.കാന്മാനില്ല എന്ന് എല്ലായിടത്തും പരസ്യം കൊടുത്തു.അവന്റെ കൈവശമുള്ള മൊബൈൽ ശബ്ദിക്കുന്നുപോലുമില്ല. ഇനി എന്താണ് താൻ ചേയ്യേണ്ടത്.ദൈവമേ;മാമ്മച്ചൻ മുതലാളിയുടെ മനസ്സ് തേങ്ങി.ഭാര്യ ക്ലാരമ്മ കട്ടിലിൽ നിന്നും എഴുന്നേറ്റിട്ട് ദിവസങ്ങളായി.അയാൾ
തന്റെ പ്രാർത്ഥനമുറിയിലേക്ക് കയറി ക്രൂശിത രൂപത്തിലേക്ക് കണ്ണീരോടെ നോ-ക്കി.ബൈബിൾ കൈയ്യിലെടുത്തുതുറന്ന് വായിച്ചു.ലൂക്കായുടെ സുവിശേഷം 15-ാം അധ്യായമാണ് മാമ്മച്ചന് കിട്ടിയത് "കാണാതായ ആടിന്റെ ഉപമ".ഈ ഉപമയി-ലെ അവസാനത്തെ വാചകം മാമ്മച്ചൻ പലപ്രാവശ്യവും ഉരുവിടുന്നുണ്ടായിരുന്നു.

“അനുതാപം ആവശ്യമില്ലാത്ത തൊണ്ണൂറ്റൊൻപതു നീതിമാന്മാരെക്കുറിച്ച് എന്ന-തിനേക്കാൾ അനുതാപിക്കുന്ന ഒരു പാപിയെക്കുറിച്ച് സ്വർഗത്തിൽ കൂടുതൽ സ-ന്തോഷമുണ്ടാകും എന്ന് നിങ്ങളോട് പറയുന്നു"(ലൂക്കാ.15:7).അവിടുന്ന് വന്നിരി-ക്കുന്നത് പാപികളെ വിളിക്കുവാനാണല്ലോ.കർത്താവേ എന്റെ മകനും പാപിയാ-

ണ്.അവന്റെ മേൽ കനിയണമേ എന്ന് മാമ്മച്ചൻ സ്വയം പ്രാർത്ഥിക്കുന്നുണ്ടായി-
രുന്നു.

ഒത്തിരി നേരം ആ മനുഷ്യൻ അങ്ങനേ ഇരുന്നു പോയി.പെട്ടെന്ന്
മൊബൈൽഫോൺ ശബ്ദിച്ചപ്പോഴണ് അദ്ദേഹം അവിടെനിന്നും എണീറ്റത്.
ഹലോ!സംസാരിച്ചപ്പോൾ മാമ്മച്ചന് കേൾക്കാൻ കഴിഞ്ഞത് ഒരിക്കലും കേൾ-ക്കാൻ
കഴിഞ്ഞത് ഒരിക്കലും വിശ്വസിക്കാനാവാത്ത വാർത്തയായിരുന്നു തന്റെ
മകൻ അന്യനാട്ടിൽ ഏതോ ഒരു കുഗ്രാമത്തിൽ അശരണനായികിടക്കുന്നുവെ-
ന്നും,തന്റെ തെറ്റുകളെല്ലാം മനസ്സിലാക്കി വീട്ടിലേക്ക് തിരിച്ച് വരാൻ വെമ്പുകയാ-
ണെന്നും കേട്ടപ്പോൾ മാമ്മച്ചൻ സ്വയം കർത്താവേ !എന്ന് ഉച്ചത്തിൽ വിളിച്ചു.
ആ കണ്ണിൽ കൂടി കണ്ണിൽക്കൂടി ധാരാധാരയായി ഒഴുകികൊണ്ടിരിക്കുന്നു. പാപത്തിൽ നാം
തുടരുമ്പോഴും വീണ്ടും വീണ്ടും നമ്മെ അവിടുന്നു ക്ഷണിക്കുന്നത്
നാം ആരും നശിച്ചുപോകാൻ അവിചുന്ന് ആഗ്രഹിക്കാത്തതുകൊണ്ടുമാത്രമാണെ-ന്ന്
മാമ്മച്ചൻ മനസ്സിലാക്കി.നമുക്കും നമ്മുടെ പാപങ്ങളെല്ലാം മനസിലാക്കി ദൈ-
വത്തിലേക്ക് തിരച്ചു വരാം..........

# അമ്മ കടം വാങ്ങിയ നെന്മണി

ചുണ്ടിലൊരിത്തിരി
നെന്മണി കൊത്തി ഞാൻ
സന്ധ്യയ്ക്ക് കൂട്ടിലെത്തുന്നു.

കുഞ്ഞുങ്ങളോരോ
പരാതിച്ചിലപ്പോടെ
കണ്ണീരണിഞ്ഞിരുന്നു

എത്ര ദൂരം ഞാൻ
പറന്നുവെന്നോ കതിർ
മുത്തുകളില്ലെന്റെ  നാട്ടിൽ

കറ്റകളില്ല
കളങ്ങളില്ല മെതി
പ്പറ്റങ്ങളില്ലെങ്ങുമെങ്ങും

മുറ്റങ്ങളില്ല
മുറങ്ങളില്ല പൊലി
ച്ചിത്രങ്ങളില്ലെങ്ങുമെങ്ങും

വറ്റി വരണ്ട
നിലങ്ങളിൽ പാഴ് പ്പുല്ല്
കെട്ടിവരിഞ്ഞിരിക്കുന്നു

ഉച്ചിയിൽ മാളിക
ക്കൂട്ടമായായിരം
കൊട്ടാരമെല്ലായിടത്തും

തുലിക

# കലാം മൊഴികൾ

*കഠിനാധ്വാനികളെ മാത്രമേ ദൈവം സഹായിക്കൂ......ഈ തത്ത്വം മറക്കരുത്

*മഹാത്മാരുടെ മഹത്തായ സ്വപ്നങ്ങൾ എപ്പോഴും യാഥാർത്ഥ്യമാകും.

*നിങ്ങൾക്ക് നിങ്ങളുടെ ദൗത്യത്തിൽ വിജയമുറപ്പിക്കണമെങ്കിൽ ഏക മനസോടെ ആ ലക്ഷ്യത്തിനായി സ്വയം അർപ്പിതനാവണം .

* മികവ് ആകസ്മികതയല്ല. അതൊരു തുടർ പ്രക്രിയയാണ്.

* സ്വപ്നം കാണുക........
സ്വപ്നം കാണുക........
സ്വപ്നം കാണുക........
സ്വപ്നങ്ങൾ ചിന്തകളായി മാറും
ചിന്തകൾ പ്രവർത്തിയിലേക്ക് നയിക്കും.........